(സി) നിലവിൽ പരിഗണനയിൽ ഇല്ല;

(ഡി) കളമശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ കൊച്ചിൻ റിഫൈനറി രണ്ടാം നില പണിതുനൽകിയത് പ്രയോജനരഹിതമായി കിടക്കുന്നുണ്ട്.

(ഇ) & (എഫ്) ഉത്തരം 'ബി' ബാധകമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡയാലിസിസിനുള്ള ചാർജ്ജിൽ വർദ്ധനവ്

238 [3212] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡയാലിസിസിനുള്ള ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്നും വർദ്ധിപ്പിക്കുന്നതിന് മുമ്പുള്ള നിരക്ക് എത്രയായിരുന്നുവെന്നും വർദ്ധിപ്പിക്കുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി ഡയാലിസിസിന് വിധേയരാകേണ്ടിവരുന്ന പാവപ്പെട്ട രോഗികൾക്ക് ഫീസ് ഒഴിവാക്കി ഡയാലിസിസ് നടത്തിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഡെങ്കിപ്പനി, എലിപ്പനി, പാമ്പുകടി എന്നിവമൂലം പെട്ടെന്ന് വൃക്ക രോഗം ബാധിക്കുന്നവർക്കും നിർദ്ധനരായ രോഗികൾക്കും നിലവിൽ സൗജന്യമായി ഡയാലിസിസ് ലഭ്യമാക്കുന്നുണ്ട്.

എടവിലങ്ങ് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാരുടെ സ്ഥലംമാറ്റം

239 [3213] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി, കടൽക്ഷോഭം നടന്ന വേളയിൽ ജനപ്രതിനിധികളടക്കമുള്ളവരുടെ നിർദ്ദേശം മാനിച്ചില്ലെന്നുള്ള പരാതികൾ പരിഗണിച്ച് എടവിലങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറെ സ്ഥലം മാറ്റിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇദ്ദേഹത്തെ സ്ഥലം മാറ്റിയത് എങ്ങോട്ടേക്കാണെന്ന് വിശദമാക്കുമോ;

(സി) പണിഷ്മെന്റ് ട്രാൻസ്ഫർ ആണ് നടത്തിയതെങ്കിൽ അത് ഇദ്ദേഹത്തിന്റെ വീടിന് അടുത്തേക്കാണ് നടത്തിയതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജനപ്രതിനിധികൾ, ജില്ലാ വികസന സമിതിയോഗം എന്നിവയുടെ തീരുമാനപ്രകാരം നടത്തുന്ന ഇത്തരം നടപടികളുടെ അനന്തരഫലം ഇപ്രകാരമാക്കുന്നതിന് കാരണക്കാർ ആരെന്ന് അന്വേഷിച്ച് നടപടി എടുക്കുമോ?

ഉത്തരം

(എ) എടവിലങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറായ ഡോ. കെ. എൻ. രാജന്റെ പേരിൽ ജനപ്രതിനിധികൾ ആരോപിച്ച പരാതിയിൻമേൽ സ്ഥലംമാറ്റിയിട്ടില്ല. എന്നാൽ ഈ ഡോക്ടറെ 2005-ലെ പൊതുസ്ഥലം മാറ്റത്തിൽ അവിടെനിന്നും മാറ്റിയിട്ടുണ്ട്.

(ബി) വെള്ളാണിക്കര പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക്.

(സി) പണിഷ്മെന്റ് ട്രാൻസ്ഫർ നടത്തിയിട്ടില്ല. ഡോ. കെ. എൻ. രാജൻ 17-7-1999 മുതൽ എടവിലങ്ങ് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ജോലിനോക്കുന്നു. 2005-ലെ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടി ഡോക്ടർ പി. എച്ച്. സി. വെള്ളാനിക്കര, അനന്ദപുരം, തൃക്കൂർ, പരളം എന്നിവിടങ്ങളിൽ ഏതിലെങ്കിലും ട്രാൻസ്ഫർ നൽകണമെന്ന് അപേക്ഷിച്ചിരുന്നു. സീനിയറായ മെഡിക്കൽ ആഫീസർ എന്നനിലയിൽ ഡോക്ടർക്ക് നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഒന്നാമത്തെ ചോയിസിൽ സ്ഥലം മാറ്റം നൽകി.

(ഡി) ബാധകമല്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനസമിതി തീരുമാനങ്ങൾ

240 [3214] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി വികസനസമിതി തീരുമാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങളിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly